"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.268/DC1/2021/LSGD
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം,
തീയതി: 17/08/2021

**സർക്കുലർ**

വിഷയം:- ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങളൊരുക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (ശുചിത്വ നഗരത്തിന് നവകേരള പുരസ്കാരം, ശുചിത്വ ഗ്രാമത്തിന് നവകേരള പുരസ്കാരം )അവാർഡ് നൽകുന്നത് സംബന്ധിച്ച്

**********************

ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങളൊരുക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് (ശുചിത്വ നഗരത്തിന് നവകേരള പുരസ്കാരം, ശുചിത്വ ഗ്രാമത്തിന് നവകേരള പുരസ്കാരം) നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽ നിന്നും മികച്ച പ്രവർത്തനം നടത്തുന്ന ഒരു ഗ്രാമ പഞ്ചായത്തിനെയും ഒരു നഗരസഭയെയും വീതം തിരഞ്ഞെടുത്ത് അവാർഡിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യേണ്ടതാണ്. അവാർഡ് ജേതാക്കളാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2 ലക്ഷം രൂപ വീതം അവാർഡ് തുകയും പ്രശംസാ പത്രവും നൽകുന്നതാണ്. അവാർഡ് നൽകുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഇതോടപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

Sarada Muraleedharan I A S
Additional Chief Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

Ravikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എ. യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്

അനുബന്ധം

**<u>ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങളൊരുക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള (ശുചിത്വ നഗരത്തിന് നവകേരള പുരസ്കാരം, ശുചിത്വ ഗ്രാമത്തിന് നവകേരള പുരസ്കാരം )അവാർഡുകൾ - അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി മാർഗരേഖ</u>**

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി അഴുകുന്ന മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ കമ്പോസ്റ്റ്/ബയോഗ്യാസ് സംവിധാനങ്ങൾ സ്ഥാപിച്ച് പരിപാലിച്ചും അഴുകാത്ത വിവിധ തരം മാലിന്യങ്ങൾ ഗാർഹിക/സ്ഥാപന/പൊതുതലങ്ങളിൽ നിന്നും ഹരിത കർമ്മ സേനയെ ഉപയോഗപ്പെടുത്തി തരംതിരിച്ച് ശേഖരിച്ച് സംഭരിച്ച് പുന:ചംക്രമണത്തിന് കൈമാറുന്നതിന് സംവിധാനം ഒരുക്കുകയും, ആയത് ഫലപ്രദമായി നടത്തികൊണ്ട് പോകുകയും ചെയ്യുന്ന നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. ഇത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി മാതൃകയാകത്തക്ക തരത്തിൽ അവരുടെ പ്രവർത്തനം അംഗീകരിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി അവാർഡുകൾ (ശുചിത്വ നഗരത്തിന് നവകേരള പുരസ്കാരം, ശുചിത്വ ഗ്രാമത്തിന് നവകേരള പുരസ്കാരം )നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. മേൽ സൂചിപ്പിച്ച തരത്തിൽ ഓരോ ജില്ലയിൽ നിന്നും ഏറ്റവും മികച്ച രീതിയിൽ ഖരമാലിന്യ സംസ്കരണം നടത്തുന്ന ഒരു ഗ്രാമപഞ്ചായത്തിനെയും ഒരു നഗരസഭയെയും തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നതി നാണ് തീരുമാനിച്ചിരിക്കുന്നത്. അവാർഡ് ജേതാക്കൾക്ക് രണ്ട് ലക്ഷം രൂപ ക്യാഷ് പ്രൈസും പ്രശംസാ പത്രവും നൽകുന്നതാണ്. ഒപ്പം രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്ന 2 വീതം ഗ്രാമ പഞ്ചായത്തുകൾക്കും 2 നഗരസഭകൾക്കും വീതം പ്രോത്സാഹന സമ്മാനം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

**1. അവാർഡ് നിർണയ രീതി**

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥാ വിലയിരുത്തലിന്റെ ഭാഗമായി ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും പ്രത്യേകം ടീം രൂപീകരിച്ച് നിർദ്ദിഷ്ട ചോദ്യാവലി പ്രകാരം 2021 ഏപ്രിൽ മാസം 9 മുതൽ 13 വരെ തീയതികളിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നേരിട്ട് സന്ദർശിച്ച് ടീം അംഗങ്ങൾ വിലയിരുത്തൽ നടത്തിയിരുന്നു. ആയതിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19.04.2021 മുതൽ 27.04.2021 വരെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെയും, വകുപ്പ്/മിഷൻ മേധാവിമാരുടേയും അവലോകന യോഗം നടത്തപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിലയിരുത്തലിന്റെ ഭാഗമായ വിലയിരുത്തൽ ഘടകങ്ങളുടെ അടിസ്ഥാനത്തി ലായിരിക്കണം അവാർഡ്

ജേതാക്കളെ കണ്ടെത്തേണ്ടത്.

- ജില്ലാതല ഏകോപന സമിതി യോഗം ചേർന്ന് ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽ നിർദ്ദേശ പ്രകാരമുള്ള വിലയിരുത്തൽ ഘടകങ്ങളുടെ നിലവിലെ സ്റ്റാറ്റസ് പരിശോധിച്ച് ആയതിൽ നിന്നും 3 വീതം ഗ്രാമപഞ്ചായത്തുകളെയും, നഗരസഭകളെയും (മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ ഉൾപ്പെടെ) തെരഞ്ഞെടുത്ത് റാങ്ക് പട്ടിക തയ്യാറാക്കേണ്ടതാണ്. ജില്ലാതല ഏകോപന സമിതി അംഗങ്ങളെ കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റ് എഞ്ചിനീയർ, ജില്ലാ ടൗൺപ്ലാനിംഗ് ഓഫീസർ, എന്നിവരെ കൂടി അവാർഡ് നിർണയ സമിതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റാങ്ക് പട്ടികയും സ്കോർഷീറ്റും, റാങ്ക് പട്ടികയിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ള റിപ്പോർട്ടും, ആയതിന്റെ പവർപോയിന്റ് പ്രസന്റേഷനും (Google slide) ജില്ലാതല ശുചിത്വ സമിതിയിൽ പാസാക്കി അതാത് ജില്ലാ ഹരിതകേരളം മിഷനും, ശുചിത്വ മിഷനും സംയുക്തമായി ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും സംസ്ഥാന ഓഫീസിലേക്ക് അയക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാന തല വിലയിരുത്തൽ സമിതി ജില്ലകളിൽ നിന്നുള്ള നോമിനേഷനുകൾ പരിശോധിച്ച് ഒരു ജില്ലയിൽ നിന്നും ഒന്നു വീതം ഗ്രാമ പഞ്ചായത്തിനെയും, നഗരസഭയെയും തെരഞ്ഞെടുത്ത് ബഹു. മുഖ്യമന്ത്രിയുടെ അവാർഡിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതാണ്.
- 2,3 സ്ഥാനത്തുള്ളവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതാണ്.

**അവാർഡ് നിർണ്ണയം- മാനദണ്ഡങ്ങൾ**

- ഓരോ ഘടകത്തിലും കുറഞ്ഞത് 70 ശതമാനം കവറേജ് വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാത്രമെ അവാർഡിനായി തെരഞ്ഞെടുത്ത് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ.
- ജില്ലാതല ഏകോപന സമിതിയുടെ കൃത്യമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരിക്കണം അവാർഡ് ജേതാക്കളെ കണ്ടെത്തേണ്ടത്
- ജില്ലാ ശുചിത്വ സമിതിയുടെ അന്തിമ അംഗീകാരത്തോടു കൂടി മാത്രമേ അവാർഡ് നോമിനികളുടെ റാങ്ക് പട്ടിക സംസ്ഥാനതലത്തിലേക്ക് സമർപ്പിക്കുവാൻ പാടുള്ളൂ
- കൃത്യമായ ഡോക്യുമെന്റേഷൻ റിപ്പോർട്ടുകളും, പി.പി.റ്റി-കളും ഇല്ലാത്ത നോമിനേഷനുകൾ ഒരു കാരണവശാലും അയക്കാൻ പാടുള്ളതല്ല
- അവാർഡ് നോമിനികളായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നാളിതുവരെയുള്ള പ്രവർത്തനം വിവരിക്കുന്ന പരമാവധി 3 മിനിട്ട് ദൈർഘ്യമുള്ള വീഡിയോ അതാത് തദ്ദേശ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച് സമർപ്പിക്കുന്നത് ഉചിതമാകും
- വീഡിയോ നിർമ്മിക്കുന്നതിനുള്ള ചെലവ് തുക ഗ്രാമ പഞ്ചായത്തുകൾക്ക് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്നോ/ നഗര സഭകൾക്ക് സ്വച്ഛ് ഭാരത് മിഷൻ ഐ.ഇ.സി ഘടകത്തിൽ നിന്നോ ചെലവഴിക്കാവുന്നതാണ്. മേൽ ഘടകങ്ങളിൽ തുക ലഭ്യമല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ ശുചിത്വ മിഷനുകളിൽ ലഭ്യമായ ഐ.ഇ.സി ഘടകത്തിൽ നിന്നും തുക അനുവദിക്കേണ്ടതാണ്.

**2. വിലയിരുത്തൽ ഘടകങ്ങൾ - സ്കോർ ഷീറ്റ്**

| ക്രമ നമ്പർ | വിലയിരുത്തൽ ഘടകങ്ങൾ | വിലയിരുത്തലൽ രീതി | മാർക്ക് | ലഭിച്ച ആകെ മാർക്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഹരിതകർമ്മസേന - വ്യക്തിഗത സുരക്ഷാ സംവിധാനങ്ങൾ | സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത. | 5 | |
| | | സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി സ്ഥിരമായി ഉപയോഗിക്കൽ | 10 | |
| | | **പരമാവധി മാർക്ക്** | **10** | |
| 2 | വാതിൽപ്പടി ശേഖരണം -വീടുകളിൽ | 71-80 ശതമാനം വീടുകളിൽ | 10 | |
| | | 81-90 ശതമാനം വീടുകളിൽ | 15 | |
| | | 91-100 ശതമാനം വീടുകളിൽ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 3. | വാതിൽപ്പടി ശേഖരണം സ്ഥാപനങ്ങളിൽ | 71-80 ശതമാനം സ്ഥാപനങ്ങളിൽ | 10 | |
| | | 81-90 ശതമാനം സ്ഥാപനങ്ങളിൽ | 15 | |
| | | 91-100 ശതമാനം സ്ഥാപനങ്ങളിൽ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 4. | യൂസർ ഫീ ശേഖരണം വീടുകൾ | 71-80 ശതമാനം വീടുകളിൽ | 10 | |
| | | 81-90 ശതമാനം വീടുകളിൽ | 15 | |
| | | 91-100 ശതമാനം വീടുകളിൽ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 5. | യൂസർ ഫീ ശേഖരണം സ്ഥാപനങ്ങൾ | 71-80 ശതമാനം സ്ഥാപനങ്ങളിൽ | 10 | |
| | | 81-90 ശതമാനം സ്ഥാപനങ്ങളിൽ | 15 | |
| | | 91-100 ശതമാനം സ്ഥാപനങ്ങളിൽ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 6. | മിനി എം സി എഫ് | 71-80 ശതമാനം വാർഡുകളിൽ | 10 | |
| | | 81-90 ശതമാനം വാർഡുകളിൽ | 15 | |
| | | 91-100 ശതമാനം വാർഡുകളിൽ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 7 | എം സി എഫ് | അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത എം സി എഫ് | 10 | |
| | | അടിസ്ഥാന സൗകര്യങ്ങൾ ഉള്ള എം സി എഫ് | 15 | |
| | | അടിസ്ഥാന സൗകര്യങ്ങളോടൊപ്പം തരംതിരിക്കൽ ബയിലിംഗ് സംവിധാനം ഉള്ള എം.സി.എഫ് | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 8 | ജൈവ മാലിന്യ പരിപാലനം | പൊതു സംവിധാനം ഉള്ളവ | 5 | |
| | | പൊതു സംവിധാനത്തോടൊപ്പം മൂല്യ വർദ്ധിത വസ്തുക്കളുടെ നിർമ്മാണം വിപണനം | 10 | |
| | | **പരമാവധി മാർക്ക്** | **10** | |
| 9 | ആർ ആർ എഫ് | സ്വന്തമായി ആർ ആർ എഫ്/ ആർ ആർ എഫ് ലിങ്കേജ് ഉണ്ടെങ്കിൽ | 10 | |
| | | ആർ ആർ എഫ് / ആർ ആർ എഫ് ലിങ്കേജും പാഴ് വസ്തു നീക്കത്തിന് കരാറും ഉണ്ടെങ്കിൽ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 10 | അജൈവ മാലിന്യ ശേഖരണം കലണ്ടർ അടിസ്ഥാനത്തിൽ | വീടുകളിൽ ശേഖരണം | 10 | |
| | | സ്ഥാപനങ്ങളിൽ ശേഖരണം | 10 | |
| | | വീടുകളിലും സ്ഥാപനത്തിലും | 20 | |
| | | **പരമാവധി മാർക്ക്** | **20** | |

| | | | | |
|---|---|---|---|---|
| 11 | ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ( വീടുകളിൽ ) | 71-80 ശതമാനം വരെ | 10 | |
| | | 81-90 ശതമാനം വരെ | 15 | |
| | | 91-100 ശതമാനം വരെ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 12 | ഉറവിട ജൈവമാലിന്യ സംസ്കരണം സംവിധാനങ്ങൾ ( സ്ഥാപനങ്ങളിൽ ) | 71-80 ശതമാനം വരെ | 10 | |
| | | 81-90 ശതമാനം വരെ | 15 | |
| | | 91-100 ശതമാനം വരെ | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 13 | ഹരിതകർമ്മസേന വരുമാനം | 3001-5000 രൂപ വരെ (പ്രതിമാസം) | 5 | |
| | | 5001-7000 രൂപ വരെ (പ്രതിമാസം) | 10 | |
| | | 7001 ന് മുകളിൽ (പ്രതിമാസം) | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 14 | ഗ്രീൻ പ്രോട്ടോകോൾ | 70 ശതമാനം സ്ഥാപനങ്ങളിൽ | 5 | |
| | | പൊതുപരിപാടികൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയിൽ | 5 | |
| | | 70 ശതമാനം സ്ഥാപനങ്ങളിലും, പൊതുപരിപാടികൾ, ഉത്സവങ്ങളിലും, ആഘോഷങ്ങളിലും | 10 | |
| | | **പരമാവധി മാർക്ക്** | **10** | |
| 15 | കുടിക്കലർന്ന മാലിന്യ പരിപാലനം | അധിക തുക ചെലവഴിച്ച് നീക്കുന്നു | 5 | |
| | | ബാധ്യതയില്ലാതെ നീക്കം ചെയ്യുന്നു | 10 | |
| | | കുടിക്കലർന്ന മാലിന്യ കുമ്പാരമില്ല | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 16 | പൊതു നിരത്തുകളിലും ജലാശയങ്ങളിലും | മാലിന്യക്കൂനകളില്ല | 8 | |
| | | മാലിന്യക്കൂനകളില്ല, നല്ല വൃത്തിയുള്ള പൊതുയിടങ്ങൾ | 15 | |
| | | മാലിന്യക്കൂനകളില്ല, നല്ല വൃത്തിയുള്ള ജലാശയങ്ങൾ, പൊതുയിടങ്ങൾ | 30 | |
| | | **പരമാവധി മാർക്ക്** | **30** | |
| 17 | പൊതു പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യത | ഭാഗീകം | 5 | |
| | | ആവശ്യാനുസരണം | 10 | |
| | | **പരമാവധി മാർക്ക്** | **10** | |
| 18 | നിയമനടപടികൾ | നോട്ടീസ് നൽകി | 7 | |
| | | പിഴയീടാക്കി | 12 | |
| | | പ്രോസിക്യൂഷൻ നടപടി | 20 | |
| | | **പരമാവധി മാർക്ക്** | **20** | |
| 19. | അവലോകന രീതി | പ്രതിമാസം | 3 | |
| | | ദ്വൈവാരം | 5 | |
| | | വാരാന്ത്യം | 8 | |
| | | പ്രതിദിനം | 10 | |
| | | **പരമാവധി മാർക്ക്** | **10** | |
| 20 | നൂതന പ്രോജക്ടുകൾ | റീ സൈക്ലിംഗ്/ അപ്പ് സൈക്ലിംഗ്/ പദ്ധതികൾ, പഴയ ഡംബ് സൈറ്റുകളുടെ സൗന്ദര്യവത്ക്കരണം, അറവു മാലിന്യ/കോഴിമാലിന്യസംസ്കരണ കേന്ദ്രങ്ങൾ,ആധുനിക അറവുശാലകൾ മുതലായവ | 10 | |
| | | **പരമാവധി മാർക്ക്** | **10** | |

| | | |
|---|---|---|
| ഗ്രാന്റ് ടോട്ടൽ | 350 | |

3. മുൻഗണന

- മേൽ ഘടകങ്ങൾ പ്രകാരം ഒരേ മാർക്ക് നേടി 2 ലധികം വിജയികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മാത്രം ചുവടെ പറയുന്ന ഘടകങ്ങൾ പരിശോധിച്ച് മുൻഗണന നൽകി അന്തിമ വിജയിയെ കണ്ടെത്താവുന്നതാണ്.

| ക്രമ നം. | ഘടകങ്ങൾ | മാർക്ക് |
|---|---|---|
| 1 | മാലിന്യ സംസ്കരണ മേഖലയിലെ നൂതന പ്രവർത്തനങ്ങൾ | 1 |
| 2 | ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ | 1 |
| 3 | സ്വാപ്പ് ഷോപ്പ് /റിപ്പയർ ഷോപ്പ് | 1 |
| 4 | കളക്റ്റേഴ്സ് @ സ്കൂൾ | 1 |
| 5 | ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ ഫലപ്രദമായ ഫണ്ട് വിനിയോഗം | 1 |
| 6 | ഹരിത സഹായ സ്ഥാപനങ്ങളുമായുള്ള കരാർ | 1 |

4.അവാർഡ് നിർണ്ണയ സമിതി : ഘടന

| എ) ജില്ലാ തലം | |
|---|---|
| **പ്രാഥമിക സമിതി - ജില്ലാ തല ഏകോപനസമിതി** | |
| **ചെയർമാൻ :** | ജില്ലാതല ഏകോപന സമിതി കൺവീനർ (ജില്ലാ കോ-ഓർഡിനേറ്റർ, ഹരിതകേരളം മിഷൻ) |
| **അംഗങ്ങൾ :** | ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ, ഡി.ഡി.പി, ആർ.ജെ.ഡി, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ ടൗൺ പ്ലാനർ, ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോമെന്റ് എഞ്ചിനീയർ |
| **അപ്പക്സ് സമിതി**<br>**ചെയർമാൻ :**<br>**കൺവീനർ :** | ജില്ലാ ശുചിത്വ സമിതി<br>ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>ജില്ലാ കളക്ടർ<br>മറ്റ് അംഗങ്ങൾ |
| **ബി) സംസ്ഥാനതല സമിതി** | |
| **ചെയർപേഴ്സൺ :** | അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ് |
| **അംഗങ്ങൾ :** | ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സീനിയർ എൻവയോൺമെന്റ് എഞ്ചിനീയർ |

**5. അവാർഡ് തുകയും, പ്രശസ്തി പത്രവും**

- ഓരോ ജില്ലയിൽ നിന്നും മികച്ച പ്രവർത്തനം നടത്തുന്ന ഒന്നു വീതം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും 2 ലക്ഷം രൂപ വീതം അവാർഡ് തുകയും പ്രശസ്തി പത്രവും നൽകാവുന്നതാണ്
- പ്രോത്സാഹന സമ്മാനം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രശസ്തി പത്രം നൽകാവുന്നതാണ്.
- പ്രശസ്തി പത്രത്തിന്റെ മാതൃക ഹരിതകേരളം മിഷനും ശുചിത്വ മിഷനും സംയുക്തമായി തയ്യാറാക്കി നൽകേണ്ടതാണ്.

**6. സമയക്രമം**

| ക്രമ നം. | പ്രവർത്തനം | സമയം |
|---|---|---|
| 1 | ജില്ലാതല ഏകോപന സമിതി ചേർന്ന് 3 വീതം ഗ്രാമപഞ്ചായത്തുകളെയും നഗരസഭകളെയും തെരഞ്ഞെടുക്കൽ | 18.08.2021 ന് മുമ്പ് |
| 2 | ജില്ലാ ശുചിത്വ സമിതിയിൽ അംഗീകാരം നേടൽ | 24.08.2021 ന് മുമ്പ് |
| 3 | ഹരിതകേരളം മിഷൻ/ശുചിത്വ മിഷൻ സംസ്ഥാന ഓഫീസിലേക്ക് നോമിനേഷനുകൾ സമർപ്പിക്കൽ | 27.08.2021 ന് മുമ്പ് |
| 4 | സംസ്ഥാനതല സമിതി യോഗം ചേർന്ന് നോമിനേഷൻ ലിസ്റ്റ് അന്തിമമാക്കി സർക്കാരിലേക്ക് സമർപ്പിക്കൽ | 31.08.2021 |
| 5 | ബഹു. മുഖ്യമന്ത്രിയുടെ അവാർഡ് വിതരണം | 2021 സെപ്റ്റംബർ<br>ആദ്യ വാരം |

**7. നിബന്ധനകൾ/ചുമതലകൾ**

- ജില്ലാതലത്തിലെ നോമിനേഷനുകൾ സമയബന്ധിതമായി തയ്യാറാക്കി സംസ്ഥാന തലത്തിലേക്ക് അയക്കേണ്ട ചുമതല ജില്ലാ തല ഏകോപന സമിതി കൺവീനർക്കായിരിക്കും.
- സംസ്ഥാന തലത്തിലെ നോമിനേഷനുകൾ സമയ ബന്ധിതമായി തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കേണ്ട ചുമതല സംസ്ഥാനതല ഏകോപന സമിതി കൺവീനർക്കായിരിക്കും.
- സർക്കാർ ഉത്തരവിന് വിധേയമായി അവാർഡ് തുക അവാർഡ് ജേതാക്കൾക്ക് എത്തിച്ച് നൽകേണ്ട ചുമതല ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ആയിരിക്കും.
- പ്രശസ്തി പത്രം സമയബന്ധിതമായി തയ്യാറാക്കി അവാർഡ് ജേതാക്കൾക്ക് എത്തിക്കേണ്ട ചുമതല സംയുക്തമായി ഹരിത കേരള മിഷനും, ശുചിത്വ മിഷനും നിർവ്വഹിക്കേണ്ടതാണ്.
- അവാർഡ് നിർണ്ണയത്തിൽ അപാകതകൾ വരാതെ നോക്കേണ്ടതും ആക്ഷേപങ്ങൾ ഉള്ള പക്ഷം അതിന് തീർപ്പ് കൽപ്പിക്കേണ്ടതിന്റെയും ചുമതല നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർക്കായിരിക്കും.
- അവാർഡ് നിർണ്ണയം സംബന്ധിച്ച അന്തിമ തീരുമാനം സംസ്ഥാന തല അവാർഡ് നിർണ്ണയ സമിതി അദ്ധ്യക്ഷയുടെതായിരിക്കും.